بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുതുബ**

**സംഗ്രഹം**

**09-05-2025**

# യുദ്ധങ്ങളുടെയും സൈനികനീക്കങ്ങളുടെയും പശ്ചാത്തലത്തിൽ തിരുനബിചരിത്രത്തിൽ നിന്നുള്ള വിവരണങ്ങളും നിലവിലെ യുദ്ധസാഹചര്യത്തിൽ ദുആക്കുള്ള ആഹ്വാനവും

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ- بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ-

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○

اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

മുഅ്ത യുദ്ധത്തിന്റെ കൂടുതൽ വിശദാംശങ്ങൾ ഇപ്രകാരമാണ്, ഹദ്റത്ത് ഖാലിദ് ബിൻ വലീദ് (റ) വിവരിക്കുന്നു, മുഅ്ത ദിവസം തുടർച്ചയായി എൻറെ കൈയിൽ നിന്ന് ഒമ്പത് വാളുകൾ ഒടിഞ്ഞു വീഴുകയുണ്ടായി. ഒരു യമൻ വാൾ മാത്രമാണ് എന്റെ കൈയിൽ അവശേഷിച്ചത്. മുസ്ലീങ്ങൾ ബഹുദൈവാരാധകരെ വലിയ തോതിൽ വധിച്ചിരുന്നു എന്നാണ്ഈ നിവേദനത്തിൽ നിന്ന് വ്യക്തമാകുന്നത്. അല്ലാതെ അവർക്ക് വേറെ രക്ഷയുമുണ്ടായിരുന്നില്ല. കാരണം അവിടെ മുസ്ലീങ്ങൾ വെറും മൂവായിരം പേരാണുണ്ടായിരുന്നതെങ്കിൽ ശത്രുപക്ഷത്തെ ബഹുദൈവാരാധകരുടെ എണ്ണം രണ്ട് ലക്ഷത്തിലധികമായിരുന്നു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) പറയുന്നു, ചില സങ്കീർണമായ വിഷയങ്ങളുണ്ട്. അവ ചിലർക്കേ ഗ്രഹിക്കാനാകുകയുള്ളൂ. പലർക്കും കാര്യം മനസ്സിലാകില്ല. അത്തരം വിഷയങ്ങൾ അവർക്ക് വിശദീകരിച്ചു കൊടുക്കേണ്ടത് അറിവുള്ളവരാണ്. ചിലപ്പോൾ അവർ സ്വയം ചിന്തിക്കാത്തതിനാലോ ചില പാപങ്ങൾ കാരണം അവരുടെ ഹൃദയങ്ങൾ ദൈവാനുഗ്രഹം സ്വാംശീകരിക്കാൻ പര്യാപ്തമാകാത്തതിനാലോ ആയിരിക്കാം അവർക്ക് മനസ്സിലാകാത്തത്. ഇത്തരം ദുർഗ്രാഹ്യതയുള്ള വിഷയങ്ങൾ പൊതുവെ രണ്ട് തരത്തിലുണ്ട്. ഒന്ന്, സൂക്ഷ്മ തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന വൈജ്ഞാനിക വിഷയങ്ങൾ. ഉദാഹരണത്തിന്, തൗഹീദ് അഥവാ ഏകദൈവ വിശ്വാസം. ദൈവം ഏകനാണെന്ന കാര്യം എല്ലാവർക്കും മനസ്സിലാക്കാൻ കഴിഞ്ഞേക്കാം. എന്നാൽ സർവശക്തനായ ദൈവത്തിന്റെ ഏകത്വം മനുഷ്യന്റെ ഓരോ പ്രവൃത്തിയെയും എങ്ങനെ സ്വാധീനം ചെലുത്തുന്നു എന്ന സൂഫിചിന്താധാരയുടെ സൂക്ഷ്മത തലങ്ങൾ മനസ്സിലാക്കാൻ ഒരു ദൈവജ്ഞാനമുള്ള ഒരു വ്യക്തിക്കാണ് സാധിക്കുക. ഈ വിഷയങ്ങൾ മറ്റുള്ളവർക്ക് വിശദീകരിച്ചു കൊടുക്കാൻ ഒരു പണ്ഡിതന്റെ ആവശ്യമുണ്ട്. എല്ലാവർക്കും ഈ സൂക്ഷ്മതകൾ ഗ്രഹിക്കാൻ കഴിയില്ല. എന്നാൽ വിശുദ്ധ ഖുർആൻ മറ്റൊരു ദൈവത്തെ അംഗീകരിക്കുന്നില്ല എന്നകാര്യം ആർക്കും ഗ്രഹിക്കാവുന്നതേയുള്ളൂ.

രണ്ടാമത്തെ വിഷയത്തിന് വൈജ്ഞാനികമായ കാര്യങ്ങളുടെ അർഥവിവക്ഷയുമായി ബന്ധമുണ്ടാകില്ലെങ്കിലും അതിന്റെ വിവരണം ഉപമ, രൂപകം തുടങ്ങിയ ഭാഷാസങ്കേതങ്ങളിലായിരിക്കും എന്നതാണ് പ്രശ്നം. അത്തരം ഭാഷയെകുറിച്ച് പരിജ്ഞാനമില്ലാത്തതിനാൽ സാധാരണക്കാർ അതിന് യാഥാർഥ്യത്തിന് നിരക്കാത്ത അർഥകല്പന നല്കുന്നു. റസൂലുലുല്ലാഹ്(സ)യുടെ കാലത്തുണ്ടായ ഒരു സംഭവം അതിന് ഉദാഹരണമാണ്. സിറിയയിൽ വച്ച് നടന്ന യുദ്ധത്തിൽ ഹദ്റത്ത് ജഅ്ഫർ (റ) രക്തസാക്ഷിത്വം വരിച്ചപ്പോൾ നബിതിരുമേനി(സ) പറഞ്ഞു:“

‘ജഅ്ഫറിനെ ഓർത്ത് ആരും കരയുന്നില്ല.’

ആളുകൾ അവിടെപോയി കരയണമെന്നായിരുന്നില്ല ആ മഹാത്മാവ് ഉദ്ദേശിച്ചത്. മറിച്ച് തിരുനബി(സ) അങ്ങനെ പറഞ്ഞത് തന്റെ ദുഃഖംപ്രകടിപ്പിക്കാനും സ്വസഹോദരൻ കൊല്ലപ്പെട്ടതിൽ താൻ ക്ഷമ കൈക്കൊള്ളുന്നു എന്ന് ധ്വനിപ്പിക്കാനും വേണ്ടിയായിരുന്നു. എന്നാൽ അൻസാരീങ്ങൾ ഈ വാചകം ബാഹ്യാർഥത്തിൽ മനസ്സിലാക്കി തങ്ങളുടെ സ്ത്രീജനങ്ങളെ ഹദ്റത്ത് ജഅ്ഫറിന്റെ വീട്ടിലേക്ക് അയച്ചു. അവിടെ ചെന്ന് അവർ അലമുറ കൂട്ടാൻ തുടങ്ങി. ഇതറിഞ്ഞപ്പോൾ പ്രവാചകൻ (സ) പറഞ്ഞു: “

‘ഞാൻ ഉദ്ദേശിച്ചത് ഇതായിരുന്നില്ല.’

അവർ മരണവിലാപം നിർത്താൻ വിസമ്മതിച്ചതറിഞ്ഞപ്പോൾ നബികരീം(സ) പറഞ്ഞു: ““

‘അവരുടെ തലയിൽ മണ്ണിടുക.’

അതായത് ഇനി അവരെ വിട്ടേക്ക്, അവർ സ്വയം നിർത്തിക്കോളും. എന്നാൽ ഒരാൾ ഇതും അക്ഷരാർഥത്തിൽ എടുത്ത്

അവരുടെ തലയിൽ ശരിക്കും മണ്ണ് വിതറാൻ തുടങ്ങി. ഹദ്റത്ത് ആയിശ(റ) അയാളെ ശകാരിച്ചു കൊണ്ട് കാര്യം മനസ്സിലാക്കി കൊടുത്തു.

അല്ലാമ ഇബ്നു കഥീറിന്റെ അൽ-ബിദായ വന്നിഹായ എന്ന ഗ്രന്ഥത്തിൽ, മുഅ്ത്താ യുദ്ധത്തിലെ രക്തസാക്ഷികളെക്കുറിച്ച് പരാമർശിച്ചശേഷം, അവരുടെ എണ്ണം പന്ത്രണ്ടാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ചില നിവേദനങ്ങളിൽ രക്തസാക്ഷികളുടെ എണ്ണം അതിലും കൂടുതലായി പരാമർശിക്കപ്പെട്ടിരിക്കുന്നു. എന്തായാലും, ഇത് ഒരു വലിയ അദ്ഭുതദൃഷ്ടാന്തമാണ്. ദൈവമാർഗത്തിൽ പോരാടുന്ന മൂവായിരം പേർക്കെതിരെയുണ്ടായിരുന്നത് രണ്ടു ലക്ഷം പേരടങ്ങുന്ന ശത്രുസൈന്യം. എന്നിട്ടും ഏറെക്കുറെ പന്ത്രണ്ട് മുസ്ലീങ്ങൾ മാത്രമേ രക്തസാക്ഷികളായതുള്ളൂ. മറുഭാഗത്ത് വലിയൊരു വിഭാഗം ബഹുദൈവാരാധകർ നരകലോകം പൂകുകയും ചെയ്തു.

അടുത്തത് സരിയ ഹദ്റത്ത് അംറിബ്നുൽ ആസ് (റ) എന്ന സൈനികനീക്കമാണ്. അത് അരങ്ങേറിയത് ഹിജ്റ എട്ടാം വർഷം ജമാദി അസ്സാനിയയിലാണ്. ഇബ്നു ഇസ്ഹാഖ് ഒഴികെ എല്ലാവരും ഇത് ഹിജ്റ 8-ൽ മുഅ്ത യുദ്ധം നടന്ന ശേഷം ജമാദി അൽഅവ്വലിനാണ് നടന്നത് എന്ന കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. ഇതിന്റെ പശ്ചാത്തലമിതാണ്: ദൈവദൂതന്(സ) ബനൂ ഖുദാഅയിലെ ഒരു സംഘം മദീനയുടെ ചുറ്റുവട്ടത്തേക്ക് ആക്രമണം നടത്താൻ ഒത്തുകൂടുന്നുണ്ടെന്ന വാർത്ത ലഭിക്കുകയുണ്ടായി. അവരെ അടിച്ചമർത്താനായി നബിതിരുമേനി(സ) ഹദ്റത്ത് അംറ് ഇബ്നുൽ ആസ്(റ)നെ അയച്ചു. നബിതിരുമേനി(സ) അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മുപ്പത് കുതിരപ്പടയാളികൾ ഉൾപ്പെടെ മുഹാജിരീങ്ങളും അൻസാരീങ്ങളും അടങ്ങുന്ന മുന്നൂറ് പേരുടെ ഒരു സൈന്യം തയ്യാറാക്കുകയും ഹദ്റത്ത് അംറ്(റ)വിന് ഒരു വെള്ളക്കൊടിയും ഒരു കറുത്ത പതാകയും നല്കുകയുമുണ്ടായി. അദ്ദേഹം യുദ്ധത്തിൽ പ്രത്യേക വൈദഗ്ധ്യമുള്ളവനും യുദ്ധകലകളിൽ നിപുണനുമായിരുന്നു. അക്കാരണത്താൽ തിരുദൂതർ(സ) അദ്ദേഹത്തെ അമീറാക്കി നിശ്ചയിച്ചു.

രാത്രിസഞ്ചാരം നടത്തിയും പകൽ മറഞ്ഞിരുന്നും ഇസ്ലാമിക സൈന്യം യാത്രയായി. അങ്ങനെ അവർ ജുദാം ഗോത്രത്തിന്റെ പ്രദേശത്തുള്ള സലാസിൽ എന്ന നീരുറവയിൽ എത്തുകയുണ്ടായി. ഇക്കാരണത്താൽ, ഇതിനെ സരിയ ദാത്തുസ്സലാസിൽ എന്നും വിളിക്കുന്നു. അരുവിക്കരയിലെത്തിയപ്പോൾ, ശത്രുസൈന്യം വളരെ വലുതാണെന്ന് മുസ്ലീങ്ങൾ മനസ്സിലാക്കി. ഹദ്റത്ത് അംറ്(റ) ഹദ്റത്ത് റാഫി പോഷകസൈന്യം അഭ്യർഥിച്ചുകൊണ്ട് ഇബ്നു മുകൈഥ് (റ)വിനെ അല്ലാഹുവിന്റെ ദൂതന്റെ അടുത്തേക്ക് അയച്ചു. ദൈവദൂതൻ(സ) ഹദ്റത്ത് അബൂ ഉബൈദ ബിൻ അൽ-ജർറാഹ് (റ)വിന് വേണ്ടി ഒരു പതാക തയ്യാറാക്കി, അദ്ദേഹത്തോടൊപ്പം ഇരുന്നൂറ് മുഹാജിരീങ്ങളും അൻസാരീങ്ങളുമുള്ള ഒരു സൈന്യത്തെ അയച്ചു. ഹദ്റത്ത് അബൂബക്കർ (റ), ഹദ്റത്ത് ഉമർ (റ) എന്നിവരും അവരിൽ ഉൾപ്പെട്ടിരുന്നു. തിരുനബി(സ) ഹദ്റത്ത് അബൂ ഉബൈദ (റ)വിനെ അയക്കുമ്പോൾ അദ്ദേഹത്തോട് ഹദ്റത്ത് അംറ്(റ)ന്റെ സൈന്യത്തിൽ അണിനിരക്കണമെന്നും പരസ്പരം വിയോജിക്കരുതെന്നും ഉപദേശിക്കുകയുണ്ടായി.

എന്തായാലും, മുസ്ലീങ്ങൾ ശത്രുപാളയത്തിലെത്തുകയും പടയോട്ടം നടത്തി ആ പ്രദേശത്തെ കീഴടക്കുകയുമുണ്ടായെന്നാണ് നിവേദനങ്ങളിൽ വന്നിട്ടുള്ളത്. ലഭ്യമായ വാർത്തയുടെ അടിസ്ഥാനത്തിൽ ശത്രുക്കളുടെ സംഗമ കേന്ദ്രത്തിൽ മുസ്ലീങ്ങൾ എത്തിയപ്പോഴേക്കും, അക്കാര്യം മുൻകൂട്ടി അറിഞ്ഞ ശത്രുക്കൾ സ്ഥലം വിടുകയും ചിന്നിച്ചിതറുകയുമുണ്ടായി. മുസ്ലീങ്ങൾ അവരെ പിന്തുടർന്നെങ്കിലും ഒരു ചെറിയ സംഘത്തെ മാത്രമേ കണ്ടുമുട്ടിയുള്ളൂ. അവരെ അവർ അക്രമിച്ച് കീഴ്പ്പെടുത്തി. അപ്പോഴേക്കും ബാക്കിയുള്ളവർ ഓടിയകന്നിരുന്നു.

ഇനിയുള്ളത് സരിയ ഹദ്റത്ത് അബൂ ഉബൈദ ബിൻ അൽ-ജറാഹ് (റ) ആണ്. ഈ സൈനികനീക്കം ഹിജ്റ വർഷം 8, റജബിലായിരുന്നു അരങ്ങേറിയത്. ഇതിന്റെ മറ്റൊരു പേരുള്ളത് സരിയ സീഫുൽ ബഹർ എന്നാണ്. സമുദ്രതീരം എന്നാണ് ആ പേരുകൊണ്ടു വിവക്ഷിക്കുന്നത്. അത് പ്രസ്തുത പേരിൽ അറിയപ്പെട്ടത്, ഈ സരിയയിൽ നബികരീം (സ)യുടെ സ്വഹാബികൾ ചെങ്കടലിന്റെ തീരത്ത് തമ്പടിച്ചിരുന്നതിനാലാണ്. അവിടെ സഹാബികൾക്ക് ഗത്യന്തരമില്ലാതെ മരങ്ങളുടെ ഇലകൾ തിന്നേണ്ടി വന്നതിനാൽ ഇതിന് സരിയ ഖബത്ത് അഥവാ ഇലതീനി സൈന്യം എന്നും പേരുവീണു. ഈ സൈന്യത്തിൻറെ നേതാവ് ഹദ്റത്ത് അബൂ ഉബൈദ ബിൻ അൽ-ജറാഹ് (റ) ആയിരുന്നു. അല്ലാഹുവിന്റെ ദൂതർ(സ) അദ്ദേഹത്തെ മുഹാജിരീങ്ങളും അൻസാരീങ്ങളും അടങ്ങുന്ന മുന്നൂറ് പേരുടെ ഒരു സൈന്യവുമായി ബനൂ ജുഹൈനയിലെ ഒരു ശാഖയിലേക്ക് അയച്ചു. ഹദ്റത്ത് ഉമർ (റ) ഉം ഈ സൈന്യത്തിൽ ഭാഗഭാക്കായിരുന്നു. ഈ സൈനികനീക്കത്തിന്റെ ഉദ്ദേശ്യത്തെകുറിച്ച് ഇപ്രകാരം പറയപ്പെടുന്നു: സിറിയയിൽ നിന്ന് മക്കയിലേക്ക് കടൽത്തീരത്തൂടെ ധാന്യശേഖരങ്ങളുമായി യാത്ര ചെയ്യുകയായിരുന്ന മക്കയിലെ ഖുറൈശികളുടെ ഒരു യാത്രാസംഘത്തിന് ജുഹൈനയിൽ നിന്നുള്ള ഒരു ഗോത്രത്തിന്റെ ആക്രമണഭീതിയുണ്ടായിരുന്നു. ഹുദൈബിയ സന്ധിയുടെ കാലമായിരുന്നു അത്. ജുഹൈന നബികരീം(സ) യുടെ സഖ്യകക്ഷിയായിരുന്നതിനാൽ, സിറിയയിൽ നിന്ന് വരുന്ന ഖുറൈശികളെ അവർ ആക്രമിക്കാതിരിക്കാൻ മുൻകരുതലെന്നോണം നബികരീം(സ) ഒരു സുരക്ഷാസംഘം അവിടേക്ക് അയച്ചു. അതിൽ വീഴ്ച്ചവരുന്നപക്ഷം മുസ്ലീങ്ങൾ സമാധാനവും കരാറും ലംഘിച്ചെന്ന് ഖുറൈശികൾ ആക്ഷേപിക്കാതിരിക്കാനുള്ള വിവേകപൂർവമായ ഒരുനടപടിയായിരുന്നു അത്. പ്രസ്തുത സ്വഹാബികൾ ആരുമായും യുദ്ധം ചെയ്യാനല്ല പോയതെന്നാണ് ഇതിൽ നിന്നും സ്ഥാപിതമാകുന്നത്. അതിനാൽ പതിനഞ്ച് ദിവസത്തിൽ കൂടുതൽ അവർ അവിടെ തങ്ങിയിട്ടും ഒരു പോരാട്ടവും നടന്നതായി പരാമർശമില്ല.

പാകിസ്താനും ഇന്ത്യയും തമ്മിലുള്ള യുദ്ധസാഹചര്യവുമായി ബന്ധപ്പെട്ട് അവർക്കിടയിൽ രഞ്ജിപ്പിന്റെയും ശാന്തിയുടെയും അന്തരീക്ഷം സംജാതമാകാൻ നമ്മൾ വളരെയധികം പ്രാർഥിക്കണമെന്ന് ഹുസൂർ തിരുമനസ്സ് പറഞ്ഞു. കാരണം, ഇക്കാലത്തെ യുദ്ധങ്ങളിൽ ഉപയോഗിക്കുന്നത് സാധാരണക്കാരുടെ ജീവൻപോലും ഹനിക്കുന്ന ആയുധങ്ങളാണ്. അവർ കൊല്ലപ്പെട്ടുകൊണ്ടിരിക്കുകയാണ്. യുദ്ധസാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ട്, ഇരുപക്ഷവും സമാധാനത്തിന് തയ്യാറാകുവാനും വലിയ നാശനഷ്ടങ്ങൾ ഒഴിവാകുവാനും പ്രാർഥിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് ഓർക്കേണ്ട മറ്റൊരു സംഗതി, ഇന്ന് ജനങ്ങൾ സോഷ്യൽ മീഡിയയിലും ഇന്റർനെറ്റിന്റെ മറ്റ് മാർഗങ്ങളിലും ഇലക്ട്രോണിക് മാധ്യമങ്ങളിലും ഒരുപാട് സന്ദേശങ്ങൾ നല്കുന്നതായി കാണാനാകുന്നു. എല്ലാവരും വളരെ സ്വതന്ത്രമായ നിലയിലും ഇഷ്ടാനുസരണവും അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നു. തങ്ങൾ ഇതാണ് ആഗ്രഹിക്കുന്നതെന്ന് തുറന്നുപറയുന്നതായി കാണുന്നു. അഹ്മദികൾ ഇതിൽ നിന്ന് വിട്ടുനിൽക്കണം. കാരണം ഇത്തരം അഭിപ്രായപ്രകടനങ്ങൾകൊണ്ട് ഗുണത്തേക്കാളേറെ ദോഷമാണുള്ളത്. ഇനി ആർക്കെങ്കിലും സന്ദേശം നല്കാനുള്ള ഉൽക്കടമായ ആഗ്രഹം ഉണ്ടെങ്കിൽ തന്നെ ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശമാണ് നല്കേണ്ടത്.
ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ജീവിതാവസാനത്തിൽ രചിച്ച "മൈത്രീ സന്ദേശത്തിൽ" ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശമാണ് നല്കിയത്. ആയതിനാൽ ഓരോ അഹ്മദിയും ഇക്കാര്യം ഓർമിക്കുകയും അതിനായി പരിശ്രമിക്കുകയും വേണം. നിരപരാധികളുടെ ജീവൻ നഷ്ടപ്പെടുന്നതിൽ നിന്ന് സർവശക്തനായ അല്ലാഹു എല്ലാവരെയും സംരക്ഷിക്കട്ടെ. ചില പ്രധാന ശക്തികൾ പ്രശ്നം ആളിക്കത്തിക്കാൻ ശ്രമിക്കുന്നതായി തോന്നുന്നു. ഇരു ശക്തികളും പോരാടാനും ദുർബലപ്പെടാനും അങ്ങനെ അവരുടെ ആയുധകച്ചവടം നടക്കാനും അവർ ആഗ്രഹിക്കുന്നു. സർവശക്തനായ അല്ലാഹു ഇരുകൂട്ടരെയും അവരുടെ ദ്രോഹത്തിൽ നിന്നും രക്ഷിക്കുമാറാകട്ടെ. അതുപോലെ, ഫലസ്തീൻ ജനതയ്ക്കുവേണ്ടിയും പ്രാർത്ഥിക്കുക. സർവശക്തനായ അല്ലാഹു അവർക്ക് കാര്യങ്ങൾ അനായാസമാക്കിക്കൊടുക്കട്ടെ. അവർക്ക് സ്വന്തം നാട്ടിൽ സമാധാനത്തോടെ ജീവിക്കാൻ സാധിക്കട്ടെ. ബാഹ്യവീക്ഷണത്തിൽ സമാധാനത്തിന് വിദൂരസാധ്യത പോലുമില്ലെന്ന പ്രതീതിയാണുള്ളത്. മറിച്ച് അവരെ എങ്ങനെയെങ്കിലും അവിടെ നിന്ന് ബഹിഷ്കരിക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. എല്ലാ ശക്തികളും അതിൽ പങ്കുചേരുന്നുമുണ്ട്. സർവശക്തനായ അല്ലാഹു മുസ്ലീം രാജ്യങ്ങൾക്ക് വിവേകം നല്കുകയും അവരിൽ ഒത്തൊരുമ ഉണ്ടാകുകയും ചെയ്യട്ടെ. അവർ ഒന്നായാൽ നിരവധി പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാകും.
ചില ആളുകളും ചില രാജ്യങ്ങളും ഒരു ആഗോളയുദ്ധം ഉണ്ടായാൽ തങ്ങൾ രക്ഷപ്പെടുമെന്നാണ് ധരിച്ചിരിക്കുന്നത്. അത് തെറ്റാണ്. യുദ്ധം എല്ലാവരെയും വലയം ചെയ്യുന്നതാണ്. അതുകൊണ്ട് എല്ലാവരും ഈ തെറ്റിദ്ധാരണയിൽ നിന്നും രക്ഷപ്പെടേണ്ടതാണ്. സർവശക്തനായ അല്ലാഹു എല്ലാവരെയും കാത്തുരക്ഷിക്കുമാറാകട്ടെ. എന്നിരുന്നാലും, ഇതിനുള്ള പരിഹാരമെന്നത്, ഞാൻ എപ്പോഴും പറയുന്നതുപോലെ, സർവശക്തനായ ദൈവത്തിലേക്ക് തിരിയുക ഒന്നു മാത്രമാണ്. അവരെ രക്ഷിക്കാനുള്ള ഏകമാർഗം അതാണ്. അതല്ലാതെ വേറെ വഴിയില്ല. സർവശക്തനായ അല്ലാഹു എല്ലാവർക്കും അതിനുള്ള പ്രാപ്തി നല്കട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا
مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ
اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔عِبَادَاللّٰهِ
رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِي الْقُرْبٰى
وَ يَنْهٰى عَنِ الْفَحْشَاءِ وَالْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْااللّٰهَ يَذْكُرْكُم وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُاللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY**
DELIVERED BY **HADRAT KHALIFATUL MASIH V(ATBA)**
AT MASJID MUBARAK UK ON 09.05.2025
MALAYALAM TRANSLATION&TYPING: AMNAS PK
LAYOUT: BM ARIF MOHAMMED SHAHID
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA
QADIAN 143516